## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 267

10.03.2017 -ൽ മറുപടിയ്ക്ക്

### 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. പുരുഷൻ കടലുണ്ടി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നിലവിൽ വന്നശേഷം ആയതിന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ ആവശ്യമായ ഭേദഗതികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ &ബി) ഉണ്ട്. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആക്ട് 2007-ൽ കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ പ്രൊഫ. (ഡോ)രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയോഗിക്കുകയും ടി കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് കൗൺസിൽ ആക്ടിന് വിരുദ്ധമായി സമിതികൾ പുന:സംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) ഉണ്ട്. 2007-ൽ കേരള നിയമസഭ പാസ്സാക്കിയ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അഡ്വൈസറി കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിങ്ങനെ ത്രിതല ഭരണ സംവിധാനമാണുണ്ടായിരിക്കേണ്ടത്. ആക്ടിന്റെ 14 (ഡി) വകുപ്പ് പ്രകാരം ഗവേണിംഗ് കൗൺസിലിൽ അംഗങ്ങളായി നിയമിക്കപ്പെടുന്ന അഞ്ച് വിദ്യാഭ്യാസ വിചക്ഷണരാണ് എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായി നിയമിതരാകേണ്ടത്. എന്നാൽ, മുൻ സർക്കാരിന്റെ കാലത്ത് ഗവേണിംഗ് കൗൺസിൽ രൂപീകരിക്കാതെയാണ് 2011 ഒക്ടോബറിൽ എക്സിക്യൂട്ടീവ് കൗൺസിൽ രൂപീകരിച്ചുകൊണ്ട് കൗൺസിൽ പുന:സംഘടിപ്പിച്ചത്. ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നത് 2014 നവംബറിലാണ്. മാത്രവുമല്ല, കഴിഞ്ഞ കൗൺസിലിന് ഒരു അഡ്വൈസറി കൗൺസിൽ രൂപീകരിച്ചിരുന്നുമില്ല. ഇതെല്ലാം തന്നെ 2007 ൽ നിയമസഭ പാസ്സാക്കിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിന് വിരുദ്ധമായിരുന്നു. |

സെക്ഷൻ ഓഫീസർ